# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തീക്കോയി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെറ്റിഎം പി.14/159/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 03/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തീക്കോയി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെറ്റിഎം പി.14/159/23 തീയ്യതി: 03/03/2023

## കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജി പി.ആർ, ഓഡിറ്റ് ഓഫീസർ
ഷാന്റി ജോർജ്, അസി.ഓഡിറ്റ് ഓഫീസർ
ഷാജിമോൻ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ സി ജെയിംസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ജയ വി എബ്രഹാം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 11-04-2021 |
| കെ സാബുമോൻ | സെക്രട്ടറി | 12-04-2021 | 21-04-2021 |
| ജയ വി എബ്രഹാം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-04-2021 | 06-05-2021 |
| കെ സാബുമോൻ | സെക്രട്ടറി | 07-05-2021 | 18-01-2022 |
| ആർ സുമാഭായി അമ്മ | സെക്രട്ടറി | 19-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ബിബിരാജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. ബിനോയ് ജോസഫ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ഡി ഹരികുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. സൗമ്യ ലക്ഷ്മി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി ഹണി ലിസ ചാക്കോ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഗ്രീഷ്മ കെ ആർ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ ഐ ഡി ആൻഡ് ഇ ഡബ്ലിയു) | 01-04-2021 | 31-03-2022 |
| ശ്രീ. അർജ്ജുൻ എം | വി ഇ ഒ | 01-04-2021 | 30-09-2021 |
| ശ്രീമതി സൗമ്യ | വി ഇ ഒ | 01-10-2021 | 31-03-2022 |
| ശ്രീമതി ജ്യോതി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 16-07-2021 |
| ശ്രീമതി രശ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-07-2021 | 21-12-2021 |
| ശ്രീമതി അനുപ്രിയ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 22-12-2021 | 31-03-2022 |
| ശ്രീ. റൊണാൾഡ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| വിൽസൺ | | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാ**ർ**ഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതിഅവലോകനം. | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതിക**ൾ** | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തു നികുതി നി**ർ**ണ്ണയം - ഉപയോഗക്രമം നിശ്ചയിച്ചതി**ൽ** വ്യക്തത വരുത്തുന്നത് സംബന്ധിച്ച് | 1-11 |
| 12 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെയും വ്യത്യസ്ത വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-12 |
| 13 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു. | 1-13 |
| 14 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-14 |
| 15 | ജീവനക്കാരുടെ തൊഴി**ൽ** നികുതി ഈടാക്കാക്കിയില്ല | 1-15 |
| 16 | സ്ഥാപന തൊഴി**ൽ** നികുതി ഈടാക്കാക്കിയില്ല | 1-16 |
| 17 | പഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നു | 1-17 |
| 18 | ലൈസൻസില്ലാതെ റിസോർട്ടുകൾ/ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നു | 1-18 |
| 19 | ലൈവ് സ്റ്റോക്ക് ഫാമുക**ൾ** ലൈസ**ൻ**സില്ലാതെ പ്രവ**ർ**ത്തിക്കുന്നു | 1-19 |
| 20 | പാരാമെഡിക്ക**ൽ** സ്ഥാപനങ്ങ**ൾ** രജിസ്ട്രേഷ**ൻ** ഇല്ലാതെ പ്രവ**ർ**ത്തിക്കുന്നു | 1-20 |
| 21 | വാടക കുടിശ്ശിക ഈടാക്കുവാ**ൻ** അവശേഷിക്കുന്നു | 1-21 |
| 22 | വിവിധ ആവശ്യങ്ങൾക്ക് ബാറ്ററി വാങ്ങൽ - ബൈബാക്ക് സിസ്റ്റം പ്രയോജനപ്പെടുത്തിയോ എന്ന് വ്യക്തമല്ല | 1-22 |
| 23 | കരാറുകാരൻ ക്ലെയിം ചെയ്തതിൽ കൂടുതൽ തുക അനുവദിച്ചു. | 1-23 |
| 24 | കാലിബാരലിന്റെ വില തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-24 |

| | | |
|---|---|---|
| 25 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- പൂർത്തീകരിച്ചിട്ടില്ല. | 1-25 |
| 26 | നിർമ്മാണത്തിലെ അപാകതമൂലം ആർദ്രം പദ്ധതി കെട്ടിട നിർമ്മാണം അനിശ്ചിതത്വത്തിൽ | 1-26 |
| 27 | ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ് | 1-27 |
| 28 | വാട്ടർ പ്യൂരിഫയർ വാങ്ങൽ പ്രോജക്ട് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തത് | 1-28 |
| 29 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റുകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-29 |
| 30 | ലൈഫ് ഭവനപദ്ധതി വിലയിരുത്തൽ | 1-30 |
| 31 | തൊഴിലുറപ്പ് പദ്ധതി- സാമ്പത്തിക ക്രമക്കേട്. | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 24.03.2022 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 4492025 | 96,62,960 |
| വരവ് | 85915000 | 6,00,86,547 |
| ആകെ | 90407025 | 6,97,49,507 |
| ചെലവ് | 85690300 | 5,97,51,410 |
| നീക്കിയിരിപ്പ് | 4716725 | 99,98,097 |

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 24.05.2022-ലെ 2/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 96,62,960 രൂപയും തൻവർഷ വരവ് 6,00,86,547 രൂപയും തൻവർഷ ചെലവ് 5,97,51,410 രൂപയും വർഷാവസാന നീക്കിയിരിപ്പ് 99,98,097 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 9,00,86,042.00 രൂപയും ആകെ ചെലവ് 9,20,62,249.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011ലെ ജി.ഒ(എംഎസ്)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും, മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് കണക്കുകൾ വാർഷിക ധനകാര്യ പദ്ധതിയുമായി പൊരുത്തപ്പെടുന്നില്ല.

5) തൊഴിൽനികുതി - ഇൻസ്റ്റിറ്റ്യൂഷൻ/പ്രൊഫഷണൽ/ട്രേഡേഴ്സ് I-1 ഷെഡ്യൂൾ പ്രകാരം തൻവർഷ ഡിമാന്റ് 2,27,970/- രൂപയും രജിസ്റ്റർ പ്രകാരം 2,19,900/- രൂപയുമാണ്.

6) കെട്ടിടനിർമ്മാണ പെർമിറ്റ് ഇനത്തിൽ (RP-4) ഷെഡ്യൂൾ പ്രകാരം 88,059/- രൂപ വരവുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രജിസ്റ്റർ പൂർത്തിയാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചില്ല.

7) ഓക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ (RP 34) ഷെഡ്യൂൾ പ്രകാരം 37,384/- രൂപ വരവുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ലേല രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

8) RB 18 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ഹെഡുകളിൽ തുകകൾ അവശേഷിക്കുന്നുണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല .
9) ബാലൻസ് ഷീറ്റിലെ ബി7 ഷെഡ്യൂളിൽ ഉൾപ്പെട്ട 340100202 എന്ന ശീർഷകത്തിലെ 37,450/- രൂപ, 340100301 എന്ന ശീർഷകത്തിലെ 25,865/- രൂപ, 340200106 എന്ന ശീർഷകത്തിലെ 6,750/- രൂപ എന്നിവ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല .

10) വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുകകളുടെ വിനിയോഗം രേഖപ്പെടുത്തുന്ന എ. സി. ആർ സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല .

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 96,62,960 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,00,86,547 |
| ആകെ | 6,97,49,507 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,97,51,410 |
| നീക്കിയിരിപ്പ് | 99,98,097 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1458613 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9826000 | 9826000 | 9826000 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1290000 | 1290000 | 1290000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 629000 | 629000 | 629000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 15392000 | 15392000 | 14999050 | 392950 | 97.44 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4853319 | 4853319 | 4465899 | 387420 | 92.01 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 1857829 | 1857829 | 1679154 | 178675 | 90.38 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 4738658 | 4738658 | 3859475 | 879183 | 81.44 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 12609 | 13024090 | 13036699 | 13036404 | 295 | 99.99 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 308852 | 418819 | 727671 | 452019 | 275652 | 62.11 |
| ശുചിത്വമിഷൻ ഗ്രാന്റ് | 609520 | 130000 | 739520 | 673978 | 65542 | 91.13 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 2034247/-രൂപ, 53891/-രൂപ 109062/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 പ്രകാരമുള്ള സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 214/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 176000 | വികസനഫണ്ട് പൊതുവിഭാഗം |
| 215/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 564667 | വികസനഫണ്ട് പൊതുവിഭാഗം |
| 216/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 680380 | വികസനഫണ്ട് പൊതുവിഭാഗം |
| 211/22<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട് പൊതുവിഭാഗം |
| 212/22<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട് പൊതുവിഭാഗം |
| 213/22<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 2034247 | |
| 220/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 7333 | വികസനഫണ്ട് എസ്.സി.പി. |

| | | |
|---|---|---|
| 221/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( എസ്.സി.പി. ) | 17225 | വികസനഫണ്ട്<br>എസ്.സി.പി. |
| 226/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( എസ്.സി.പി. ) | 29333 | എസ്.സി.പി. |
| ആകെ | 53891 | |
| 222/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( ടി.എസ്.പി.) | 29333 | വികസനഫണ്ട്<br>ടി.എസ്.പി. |
| 223/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( ടി.എസ്.പി.) | 36667 | വികസനഫണ്ട്<br>ടി.എസ്.പി. |
| 225/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്<br>( ടി.എസ്.പി.) | 43062 | വികസനഫണ്ട്<br>ടി.എസ്.പി. |
| ആകെ | 109062 | |

സംരക്ഷണഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും 35319 രൂപ വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ 2020-21 വർഷം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. ടി തുക തൻവർഷം ലഭിച്ചിട്ടുണ്ട്.
മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് ആയുർവേദ ആശുപത്രിക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ എന്ന പ്രോജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. ചെലവ്, 35391 രൂപ ആയത് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ടി വിഭാഗത്തിൽ വാർഷിക കണക്കിലെ ചെലവ് സുലേഖ ചെലവ് പത്രിക, ഗ്രാന്റ് വിനിയോഗ പത്രിക എന്നിവയുമായി 35391 രൂപയുടെ വ്യത്യാസം ഉണ്ട്. ഖണ്ഡിക 1-28 കാണുക.

## 1-5 പദ്ധതിഅവലോകനം.

2021-22 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 12.01.2021 ലെ 1(7) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 25.01.2021 ൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 25.01.2021 ൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 30.01.2021 മുതൽ 08.02.2021 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 19.2.2021 ലാണ്. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ ചേർന്നിരുന്നില്ല. പഞ്ചായത്ത് കമ്മറ്റിയുടെ 30.07.2021 ലെ 1(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് 29.12.2021 മുതൽ 31.12.2021 വരെയുള്ള തീയതികളിലെ ഗ്രാമസഭായോഗങ്ങൾ സാധൂകരിച്ച് തീരുമാനിച്ചിട്ടുണ്ട്. വികലാംഗ ഗ്രാമസഭ, ഊരുകൂട്ടം എന്നിവ 09.01.2021 ൽ യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 23.02.2021 ലെ I(2) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 24.03.2022 ലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 182 | 77218313 | 161 | 44082277 | 21 | 88.46 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്റ്റുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്റ്റുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 1168140 | 6 | 1149840 |
| വെറ്റിനറി സർജൻ | 7 | 2670800 | 7 | 2170622 |
| മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 12 | 3646266 | 11 | 2880801 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 500000 | 1 | 500000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 315000 | 2 | 315000 |
| വി.ഇ.ഒ | 22 | 33389243 | 21 | 8801042 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 3142400 | 4 | 2379428 |
| സെക്രട്ടറി | 47 | 11408836 | 38 | 7386004 |
| അസിസ്റ്റന്റ് എൻജിനീയർ | 78 | 20177628 | 69 | 17999540 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 800000 | 2 | 500000 |
| ആകെ | 182 | 77218313 | 161 | 44082277 |

780370/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2021-22 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 780370/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 15392000 | 14999050 | 392950 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4853319 | 4465899 | 387420 |
| ആകെ | | | 780370 |

വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി, എന്നീ വിഭാഗങ്ങളിൽ 100 ശതമാനം തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 4432576 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 4432576/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 1748719/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 783000/- രൂപയുടെ വിനിയോഗ വിവരവും, പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച 580000/- രൂപയുടെ വിനിയോഗ വിവരവും, നിർമ്മിതി കേന്ദ്രത്തിൽ നിക്ഷേപിച്ച 1320857 രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 123 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 161 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 161 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 108 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 126.41 ലക്ഷം രൂപ. 31511 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 110 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 85 അയൽക്കൂട്ടങ്ങളിൽ 74 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 643 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കയ്യാല നിർമ്മാണം, നഴ്സറി നിർമ്മാണം, സോക് പിറ്റ് നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കോഴിക്കൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2021-22 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 12609 | 382817 | 395426 | 395131 | 295 |
| ഇ.എഫ്.എം.എസ് | 0 | 12641273 | 12641273 | 12641273 | 0 |
| ആകെ | 12609 | 13024090 | 13036699 | 13036404 | 295 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31200 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 2749100 | 140 |
| വിധവാ പെൻഷൻ | 4743400 | 307 |
| വാർദ്ധക്യകാല പെൻഷൻ | 13272000 | 992 |
| വികലാംഗ പെൻഷൻ | 2143800 | 140 |
| അൻപത് വയസ്സ് കഴിഞ്ഞ | 325800 | 21 |

| | | |
|---|---|---|
| അവിവാഹതരുടെ പെൻഷൻ | | |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2023 തീയതിയിൽ 3.20 പി എം-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,407/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം 31.03.2022 വരെ സാംഖ്യ സോഫ്റ്റ് വെയർ വഴിയാണ് ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. 01.04.2022 മുതൽ ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.
ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.
1) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.
2) തൊഴിലുറപ്പ് പദ്ധതിയിൽ കൃത്രിമരേഖകൾ ചമച്ച് സാമ്പത്തിക ക്രമക്കേട് നടത്തുന്നതിന് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും ഡിജിറ്റൽ സിഗ്നേച്ചർ ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഖണ്ഡിക 1-31 കാണുക

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.02.2018 – 22.02.2018 | 2012-13 മുതൽ 2016-17 വരെ | LBA(HQ)11/8A-2781/380 തീയതി 12.04.18 |
| പെർഫോർമൻസ് ഓഡിറ്റ് | 10.08.2022 – 11.08.2022 | 1/2022 മുതൽ 3/2022 വരെ | ലഭിച്ചിട്ടില്ല |

## 1-11 വസ്തു നികുതി നിർണ്ണയം - ഉപയോഗക്രമം നിശ്ചയിച്ചതിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്

1. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതുപ്രകാരം മാനേജിങ് ഡയറക്ടർ, സ്പൈസ് ഗാർഡൻ ഫാം റിസോർട്ട് എന്നയാളുടെ ഉടമസ്ഥതയിലുള്ളതും സ്ഥാപനത്തിൻറെ വെബ്സൈറ്റ് പ്രകാരം റിസോർട്ട് ആയി പ്രവർത്തിക്കുന്നതുമായ സ്പൈസ് ഗാർഡൻ ഫാം റിസോർട്ട് എന്ന സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന 414 ച.മീ വിസ്തീർണമുള്ള 6/235 A, B, C നമ്പർ കെട്ടിടങ്ങൾ 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറൻറ്, ഷോപ്പുകൾ, ഗോഡൗണുകൾ' എന്ന ഉപയോഗ ക്രമത്തിനും (രൂ.50/ച.മീ.) 272 ച. മീ. വിസ്തീർണ്ണമുള്ള 235 D, E, F നമ്പർ കെട്ടിടങ്ങൾ 'അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ഓഡിറ്റോറിയം, ലോഡ്ജ് ' എന്ന ഉപയോഗ ക്രമത്തിലും (രൂ.30/ച. മീ ) 155 ച.മീ. വിസ്തീർണമുള്ള 6/235 നമ്പർ കെട്ടിടം 'പാർപ്പിട ആവശ്യം' (രൂ.6/ച.മീ )എന്ന ഉപയോഗ ക്രമത്തിലുമാണ് അസസ്സ് ചെയ്തിട്ടുള്ളത്. അടുക്കള, റസ്റ്റോറൻറ്

തുടങ്ങിയ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നതും വിവിധ ബുക്കിംഗ് വെബ്സൈറ്റുകളിൽ ഉൾപ്പെടെ റിസോർട്ട് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ സ്ഥാപനത്തിൻറെ അനുബന്ധ കെട്ടിടങ്ങളെ' റിസോർട്ട് ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിക്കേണ്ടതിനുപകരം മറ്റ് ഉപയോഗ ക്രമങ്ങളിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചിരിക്കുന്നതായാണ് കാണുന്നത്. കൂടാതെ ഒരേ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളിൽ പാർപ്പിട ആവശ്യമെന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 6/235 G നമ്പർ കെട്ടിടത്തെ പ്രഥമ മേഖലയിലും മറ്റ് കെട്ടിടങ്ങളെ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത് .

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/20.01.2023) മറുപടി ലഭ്യമാക്കി. കേരള പഞ്ചായത്ത് രാജ് ആക്ട് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ റൂൾ 17 പ്രകാരം വസ്തു നികുതി നിർണയത്തിന് ശേഷം ഉപയോഗക്രമത്തിലുള്ള മാറ്റം നികുതിദായകർ പഞ്ചായത്തിൽ അറിയിച്ചിരുന്നില്ല. കൂടാതെ പതിനൊന്നാം ചട്ട പ്രകാരം പുതുക്കിയ വസ്തു നികുതി റിട്ടേൺ സമർപ്പിച്ചിരുന്നുമില്ല. ആയതിനാൽ സ്ഥല പരിശോധന നടത്തി നികുതി നിർണ്ണയം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

2. ശ്രീ. ബേബി മാത്യു, വള്ളിക്കാപ്പിൽ, വാനില ഹോംസ്റ്റേ ബിസിനസ്സ്, വേലത്തുശ്ശേരി പി.ഓ മുതൽ പേരുടെ ഉടമസ്ഥതയിൽ പഞ്ചായത്ത് എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ 'വാനില കൗണ്ടി ഹെറിറ്റേജ് ബംഗ്ളാവ് ' എന്ന പേരിലുള്ള സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ടി കെട്ടിടത്തിന്റെ 549.65 ച.മീ. വിസ്തീർണ്ണമുള്ള ഭാഗത്തിന് 'പാർപ്പിടാവശ്യം' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി 8/202 C, 8/203, 8/204, 8/205 എന്നീ നമ്പറുകളും 205.52 ച.മീ വിസ്തീർണ്ണമുള്ള ഭാഗത്തിന് 'ഓഡിറ്റോറിയം, ലോഡ്ജ് ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ച് 8/202, 8/203B എന്ന നമ്പറും അനുവദിച്ചിട്ടുള്ളതായി കാണുന്നു.

'വാനില കൗണ്ടി ഹെറിറ്റേജ് ബംഗ്ളാവ് ' എന്ന സ്ഥാപനത്തിന്റെ വെബ്സൈറ്റ്, സ്ഥാപനം ലിസ്റ്റ് ചെയ്തിട്ടുള്ള ബുക്കിങ് വെബ്സൈറ്റുകൾ എന്നിവ പരിശോധിച്ചപ്പോൾ റെസ്റ്റോറന്റ്, അടുക്കള, കുട്ടികൾക്കുള്ള കളി സ്ഥലം, ഔട്ഡോർ പൂൾ, മൗണ്ടൻ ഹൈക്കിങ് സർവീസ് , സൈക്ലിങ് മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തികൊണ്ടാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് കാണുന്നു. ഇതിൽ നിന്നും റിസോർട്ട് നടത്തിപ്പിനായാണ് കെട്ടിടം ഉപയോഗിക്കുന്നതെന്ന് വ്യക്തമാണ്. കൂടാതെ പ്രധാന കെട്ടിടത്തോട് ചേർന്ന് അനുബന്ധ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതായും സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ നിന്നും വ്യക്തമാണ്. പ്രസ്തുത സ്ഥാപനത്തെയും കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന അനുബന്ധ കെട്ടിടങ്ങളെയും 'പാർപ്പിടാവശ്യം' , 'ഓഡിറ്റോറിയം, ലോഡ്ജ് ' എന്നീ ഉപയോഗ ക്രമങ്ങളിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. കൂടാതെ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ഔട്ഡോർ പൂൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് പ്രകൃതിദത്ത ജലസംഭരണിയാണോ അതോ സ്വിമ്മിങ് പൂൾ ആണോ എന്നതിന് വ്യക്തതയില്ല. ആയത് സ്ഥല പരിശോധന നടത്തി വ്യക്തത വരുത്തേണ്ടതുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടത്തിൽ ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് സ്വിമ്മിങ് പൂൾ ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയതായും കാണുന്നു.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/21.01.2023) മറുപടി ലഭ്യമാക്കിയില്ല. സ്ഥല പരിശോധന നടത്തി അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും മേൽ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെയും വ്യത്യസ്ത വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), തൃതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായും പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ(20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നും തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ വ്യക്തികളുടെ പേരിലുള്ള സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല അടിസ്ഥാനത്തിലും വ്യത്യസ്ഥ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലും വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | വഴി സൗകര്യം | മേഖല |
|---|---|---|---|---|
| ബേബി മാത്യു | 8/203 | 208.80 (പാർപ്പിടാവശ്യം ) | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം | തൃതീയം |
| | 8/203B | 66.52 (പാർപ്പിടാവശ്യം ) | 1.5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം | ദ്വിതീയം |
| ടി കെ ചാക്കോ | 11/154 | 257 (പാർപ്പിടാവശ്യം ) | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം | പ്രഥമം |
| | 11/154A | 323.61 (വ്യവസായ ആവശ്യം) | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം | ദ്വിതീയം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/23.01.23) മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികളുടെ വിവരമറിയിക്കേണ്ടതാണ്. മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ

മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 3/129 | സെബാസ്റ്റ്യൻ മടിക്കാങ്കൽ | മംഗളഗിരി - അറുപതേക്കർ | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | 3/121 A | ചന്ദ്രൻ കെ ഡി | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 6/18 | പി ജെ ജോസഫ് | വെള്ളികുളം - അട്ടിക്കളം | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | 6/25 | ചാക്കോ ജേക്കബ് | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | 7/175A | പോത്തൻ സെബാസ്റ്റ്യൻ | വിന്റർ വെയ്ൽ റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | 7/177 | കുര്യൻ അബ്രാഹം | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/23.01.2023) മറുപടി ലഭ്യമാക്കിയില്ല. സ്ഥല പരിശോധന നടത്തി അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും റോഡ് മാസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), തൃതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ വ്യക്തികളുടെ പേരിലുള്ള സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | വഴി സൗകര്യം | മേഖല |
|---|---|---|---|---|
| എ.എൻ | 8/4C | 42.73 | 5 മീറ്ററോ അതിൽ | പ്രഥമം |

| | | | | |
|---|---|---|---|---|
| പ്രസന്നകുമാർ | | (വാണിജ്യ ആവശ്യം) | കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം (ഈരാറ്റുപേട്ട -തീക്കോയി - പീരുമേട് റോഡ് ) | |
| | 8/4D | 128.2 (വാണിജ്യ ആവശ്യം) | | ദ്വിതീയം |
| വിജയൻ വള്ളിയാങ്കൽ | 8/34 | 55.00 (പാർപ്പിടാവശ്യം, താഴത്തെ നില ) | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം (ഈരാറ്റുപേട്ട -തീക്കോയി-പീരുമേട് റോഡ് ) | പ്രഥമം |
| | 8/34A | 76.00 (ലോഡ്ജ്, മുകളിലത്തെ നില ) | | ദ്വിതീയം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/21.1.23) മറുപടി ലഭ്യമാക്കിയില്ല. സ്ഥല പരിശോധന നടത്തി അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷം തീക്കോയി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | KARD സ്കിൽ അക്കാദമി വാഗമൺ | 1, 2 |
| 2 | ഭാരത് പെട്രോളിയം പമ്പ് തീക്കോയി | 1, 2 |
| 3 | സെന്റ് ജോസഫ് മോഡൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ശാന്തിഗിരി | 1, 2 |
| 4 | ത്രിവേണി സ്റ്റോർ തീക്കോയി | 1, 2 |
| 5 | വിസിബ് | 1, 2 |
| 6 | ബി.എസ്.എൻ.എൽ. ഉപഭോക്തൃ കേന്ദ്രം | 1, 2 |
| 7 | പഞ്ചായത്ത് പരിധിയിലെ അക്ഷയ കേന്ദ്രങ്ങൾ | 1, 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 13/21.1.2023 ) മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 സ്ഥാപന തൊഴിൽ നികുതി ഈടാക്കാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ

നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷം തീക്കോയി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | തീക്കോയി സർവീസ് കോപ്പറേറ്റീവ് ബാങ്ക് (2 ശാഖകൾ ) | 1, 2 |
| 2 | യുണൈറ്റഡ് ഗോൾഡ് ലോൺ | 1, 2 |
| 3 | സപ്ലൈകോ തീക്കോയി | 1, 2 |
| 4 | വിസിബ് തീക്കോയി | 1, 2 |
| 5 | ബി എസ് എൻ എൽ ഉപഭോക്തൃ കേന്ദ്രം | 1, 2 |
| 6 | സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് പോർട്ടൽ ഓഫീസ് | 1, 2 |
| 7 | ന്യൂ ഇന്ത്യ ഇൻഷുറൻസ് സെയിൽസ് പോയിന്റ് | 1, 2 |
| 8 | ഫിൻ മൈക്രോ പെയ്മെന്റ്സ് ബാങ്ക് | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.12/21.01.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 പഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നു

1. കേവലം 128 സ്ഥാപനങ്ങൾ മാത്രമാണ് 2021-22 ൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിച്ചത്. സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനും വ്യവസായാവശ്യത്തിനുമായി നികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം 566 ആണ്. ഇത് കണക്കിലെടുക്കുമ്പോൾ വളരെ കുറവ് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസെടുക്കുന്നതായി കാണുന്നത്.

2. റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. പുതുതായി പ്രവർത്തനം ആരംഭിക്കുന്ന സ്ഥാപനങ്ങളെ യഥാസമയം ട്രേഡേഴ്സ് ലിസ്റ്റിൽ കൂട്ടിച്ചേർത്ത് സൂക്ഷിക്കുന്നത് ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും തനതു വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നതിനും സഹായകമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ് .

## 1-18 ലൈസൻസില്ലാതെ റിസോർട്ടുകൾ/ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3, എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവ നടത്തിക്കൊണ്ടുപോകുവാൻ പാടുള്ളതല്ല. തീക്കോയി ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം

റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നീ ഉപയോഗക്രമങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | VII/109B | ആഞ്ജലീന തോമസ് | റിസോർട്ട് |
| 2 | IV/68 C | അനീഷ് വി കെ | റിസോർട്ട് |
| 3 | II/106B | ബാബു പരമേശ്വരൻ | റിസോർട്ട് |
| 4 | IV/18 | കെ പി ശ്രീധരൻ നായർ | റിസോർട്ട് |
| 5 | IV/207A | സാജൻ ജോസഫ് | റിസോർട്ട് |
| 6 | XII/144 | ജിമ്മി ഇട്ടിയക്കാട്ട് | ഹോം സ്റ്റേ |

ഇപ്രകാരം ലൈസൻസില്ലാതെ റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവ പ്രവർത്തിക്കുന്നത് സംബന്ധിച്ച് ഓഡിറ്റിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ 09/21.01.2023 എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങൾ ലൈസൻസോടുകൂടി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പഞ്ചായത്ത് പരിധിയിലെ വിവിധ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ ലൈവ് സ്റ്റോക്ക് ഫാം രജിസ്ട്രേഷൻ എടുക്കാതെ ചുവടെ ചേർത്തിട്ടുള്ള ഫാമുകൾ 2021-22 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | ഉടമ | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1 | ഓമന തോമസ് | 1/202A | കോഴി വളർത്തൽ ഷെഡ് |
| 2 | കുര്യൻ കുര്യൻ | 1/156 | ലൈവ് സ്റ്റോക്ക് ഷെഡ് |
| 3 | സി വി ജോസഫ് | 1/224 | ലൈവ് സ്റ്റോക്ക് ഷെഡ് |
| 4 | ലൈജു ജോസഫ് | 4/38A | പന്നി ഫാം |
| 5 | സതീഷ് ജോർജ് | 9/53A | കോഴി വളർത്തൽ ഷെഡ് |
| 6 | ടി കെ ചാക്കോ | 11/154A | കോഴി വളർത്തൽ ഷെഡ് |
| 7 | മാത്യു ജോർജ് | 13/7 | കോഴി വളർത്തൽ ഷെഡ് |
| 8 | അബ്ദുൽ കരീം | 13/170B | കോഴി വളർത്തൽ ഷെഡ് |
| 9 | ഷാജി ജോർജ് | 13/180A | കോഴി വളർത്തൽ ഷെഡ് |
| 10 | മാക്സ് തോമസ് | 13/282A | പന്നി ഫാം |

മേൽ പട്ടികയിലെ ഫാമുകൾ 2021-22 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/21.01.2023) മറുപടി ലഭ്യമാക്കിയില്ല. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഫാമുകൾ ലൈസൻസോട് കൂടി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

1-20 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസും 1997 ലെ കേരള പഞ്ചായത്ത് രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത

സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഡീറ്റയിൽസ് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഉടമ |
|---|---|---|
| 1 | സേവന ക്ലിനിക്ക്<br>തീക്കോയി | സെക്രട്ടറി,<br>കോപ്പറേറ്റീവ് ബാങ്ക്, തീക്കോയി |
| 2 | പായിക്കാട്ടിൽ ആയുർവേദിക് ക്ലിനിക്ക് | ഡോ. ശിവപ്രസാദ് എ. എസ് |
| 3 | സേവന മെഡിക്കൽ ലബോറട്ടറി | സെക്രട്ടറി,<br>കോപ്പറേറ്റീവ് ബാങ്ക്, തീക്കോയി |
| 4 | ഗ്രേസ് ഹോമിയോ ക്ലിനിക്ക് | ഡോ. ബിജിനു ജേക്കബ് |
| 5 | മിത്രാനികേതൻ ക്ലിനിക് | കോർഡിനേറ്റർ, മിത്രാനികേതൻ |

ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8 പ്രകാരം 5000 രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500 രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും (നം. 16/21.01.2023) മറുപടി ലഭ്യമായില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്ന

വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2021-22 വർഷം തീക്കോയി ഗ്രാമപഞ്ചായത്തിൻറെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾക്ക് താഴെപ്പറയും വിധം വാടക കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ/ സ്ഥാപന ത്തിന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് /റൂം നം. | പ്രതിമാസ വാടക | | | | 2021-22 വർഷം ലഭിക്കേണ്ടിയിരുന്ന തുക (ജി എസ് ടി, ഫ്ളഡ് സെസ്സ് ഉൾപ്പടെ ) | ഈടാക്കിയ തുക | കുടിശ്ശിക തുക |
|---|---|---|---|---|---|---|---|---|---|
| | | | നിരക്ക് | SGST + CGST | ഫ്ലഡ് സെസ് (2021 ജൂലൈ 31വരെ) | ആകെ | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | ജനറൽ മാനേജർ കൺസ്യൂമർ ഫെഡ് | റൂം നം. 12/259B, 259C, 259D, 259E | 8089 | 1456 | 81 | 9626 | 1,14,864/- | 100311/- | 14553/- |

മേൽ കടമുറികൾക്കെല്ലാം കൂടി 9545 (ജി.എസ്.ടി ഉൾപ്പടെ) രൂപയാണ് മാസവാടകയായി നിശ്ചയിച്ചിരിക്കുന്നത്. വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഡിസംബർ 2021, ജനവരി 2022 മാസങ്ങളിൽ മാത്രമാണ് വാടക തുക പൂർണ്ണമായി അടവാക്കിയിരിക്കുന്നത്. ബാക്കി മാസങ്ങളിൽ തുക കുറവായി അടവാക്കിയിരിക്കുന്നു. വാടകക്കാരനുമായി നിയമാനുസൃത കരാർ ചമച്ചിരുന്നില്ല. വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.09/21.01.2023) മറുപടിയായി വാടക ഇനത്തിൽ കുടിശ്ശികയായിട്ടുള്ള തുക അടിയന്തിരമായി പഞ്ചായത്തിൽ അടവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൺസ്യൂമർ ഫെഡ് മാനേജർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 വിവിധ ആവശ്യങ്ങൾക്ക് ബാറ്ററി വാങ്ങൽ - ബൈബാക്ക് സിസ്റ്റം പ്രയോജനപ്പെടുത്തിയോ എന്ന് വ്യക്തമല്ല

1) എൽ.എസ്.ജി.ഡി ഓഫീസിലേക്ക് യു.പി.എസിന് നാല് ബാറ്ററി വാങ്ങുന്നതിനായി ഡിജി. ടെക് സിസ്റ്റംസ് കോട്ടയം എന്ന സ്ഥാപനത്തിന് ചെക്ക് നമ്പർ 57780/ 11.05.21 പ്രകാരം 23500/ രൂപ നൽകിയിട്ടുണ്ട്. പുതിയ ബാറ്ററി ബാങ്ങിയത് ബൈ- ബാക്ക് സിസ്റ്റം അടിസ്ഥാനത്തിലാണോ എന്നത് ഫയലിൽ നിന്നും വ്യക്തമല്ല.

2) പഞ്ചായത്ത് വാഹനത്തിന്റെ ബാറ്ററി മാറ്റി സ്ഥാപിക്കുന്നതിന് എക്സ്സലന്റ് ഓട്ടോ ഇലക്ട്രിക്കൽസ് പനയ്ക്കപ്പാലം എന്ന സ്ഥാപനത്തിന് ചെക്ക് നമ്പർ 57785/ 31.05.21 പ്രകാരം 5700/ രൂപ നൽകിയിട്ടുണ്ട്. പഴയ ബാറ്ററി സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമായിരുന്നില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ20/23.1.23 ന് ലഭ്യമാക്കിയ മറുപടിയിൽ എൽ.എസ്.ജി.ഡി ഓഫീസിലെ പഴയ ബാറ്ററികൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു എന്നും, പഞ്ചായത്ത് വാഹനത്തിന്റെ ബാറ്ററി മാറ്റി സ്ഥാപിച്ചത് ബൈ- ബാക്ക് സിസ്റ്റം അടിസ്ഥാനത്തിലാണ് എന്നും ബാറ്ററിക്ക് 6700 രൂപ വിലയായിരുന്നു എന്നും പഴയ ബാറ്ററിയുടെ വിലയായ 1000 രൂപ കുറവ് ചെയ്ത് 5700 രൂപ നൽകുകയാണുണ്ടായത് എന്നും അറിയിച്ചു. എന്നാൽ ബാറ്ററിയുടെ ബില്ലിൽ ബാറ്ററിയുടെ വില 5700 രൂപ എന്ന് മാത്രമേ കാണിച്ചിട്ടുള്ളൂ. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. എൽ.എസ്.ജി.ഡി ഓഫീസിലെ പഴയ ബാറ്ററികൾ ലേലം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-23 കരാറുകാരൻ ക്ലെയിം ചെയ്തതിൽ കൂടുതൽ തുക അനുവദിച്ചു.

ആയുർവേദ ആശുപത്രി, മൃഗാശുപത്രി എന്നിവയുടെ റൂഫിംഗ് ഷീറ്റുകൾ ഇളകിപ്പോയതിന്റേയും, സീലിംഗ് ശരിയാക്കിയതിന്റേയും ബിൽ മരിയ എഞ്ചിനീയറിംഗ് തീക്കോയി എന്ന സ്ഥാപനം ഹാജരാക്കിയ ബിൽ ( 143/6.4.21)) പ്രകാരം ചെലവ് തുക 17668/ രൂപയാണ്. സ്ഥാപന ഉടമയുടെ 06.04.21 ലെ റിക്വസ്റ്റ് പ്രകാരം 17668/ രൂപ റൗണ്ട് ചെയ്ത് 17500/രൂപ അനുവദിക്കണമെന്നാണ്. കരാറുകാരന്റെ കൈപ്പറ്റ് രസീതിലും 17500/രൂപ കൈപ്പറ്റി എന്നാണ്. എന്നാൽ ഇത് അവഗണിച്ച് ചെക്ക് നമ്പർ 57786/31.05.21 പ്രകാരം 17668 രൂപയും അനുവദിച്ചു. ഉടമ ആവശ്യപ്പെട്ട തുകയിൽ ചെലവ് പരിമിതപ്പെടുത്താമായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 കാലിബാരലിന്റെ വില തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

തീക്കോയി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പാഴ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരുന്നത്. ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കിയത് സെക്രട്ടറിയുടെ പേരിൽ ട്രഷറിയിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് ( അക്കൗണ്ട് നം. 799013000000126 ) ക്രഡിറ്റ് ചെയ്തിട്ടുള്ളതായി ബിൽ കോപ്പിയിൽ നിന്നും വ്യക്തമാകുന്നു.

| ക്രമ നം | പ്രവൃത്തി വിശദാംശങ്ങൾ | ബിൽ തുക | കാലിബാരലിന്റെ വില ഈടാക്കിയത് |
|---|---|---|---|
| 1 | 150/22 കൊട്ടാരത്തുംപാറ മരവിക്കല്ല് റോഡ് റീടാറിംഗ് | 299697 | 2152 |
| 2 | 152/22 തീക്കോയി വാഗമറ്റം റോഡ് റീടാറിംഗ് | 199802 | 2690 |
| 3 | 153/22 തീക്കോയി കല്ലേക്കുളം കുളത്തിങ്കൽ റോഡ് റീ ടാറിംഗ്. | 299415 | 3766 |
| 4 | 154/22 തീക്കോയി ചേരിമല റോഡ് റീടാറിംഗ് | 349517 | 5111 |
| 5 | 155/22 മ്ലാക്കുഴി റോഡ് റോഡ് റീടാറിംഗ്, സംരക്ഷണഭിത്തി നിർമ്മാണം | 299195 | 3766 |
| 6 | 157/22 തീക്കോയി വാഗമറ്റം കല്ലേക്കുളം റീടാറിംഗ്, | 267170 | 3497 |
| | ആകെ | | 20982 |

ടി തുകകൾ ഏത് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളതെന്നും ആയത് സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ 2/20.1.2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ടിൽ ഒടുക്കിയ തുക സർക്കാരിലേക്ക് ഒടുക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. 20982 രൂപ സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-25 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി താഴെ ചേർക്കുന്ന 2 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം/ പേര് | ചെലവ് | ചെയ്ത ഇനം |
|---|---|---|

| | | |
|---|---|---|
| 199/22 വാർഡ് 6 ൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ. | 115708, (വൗച്ചർ നം. XVFC/21-22/P/19/ 26.3.22 പ്രകാരം 111545 രൂപ കരാറുകാരന് നൽകി) | 40 Mm വ്യാസമുള്ള HDPE പൈപ്പ് 10 Kg/cm2, 672 മീറ്റർ സ്ഥാപിച്ചു. |
| 200/22 വാർഡ് 8 ൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ. | 114908, (വൗച്ചർ നം. XVFC/21-22/P/21/ 28.3.22 പ്രകാരം 110773 രൂപ കരാറുകാരന് നൽകി) | 40 Mm വ്യാസമുള്ള HDPE പൈപ്പ് 10 Kg/cm2, 690 മീറ്റർ സ്ഥാപിച്ചു. |

മേൽ 2 കുടിവെള്ള പദ്ധതികളുടെയും പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. തുടർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 6/20.1.2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽ കുടിവെള്ള പദ്ധതികൾ നിലവിൽ പ്രവർത്തിക്കുന്നവയാണെന്നും അവയുടെ പൂർത്തീകരണത്തിന് തുക വകയിരുത്തുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ട് എന്നും അറിയിച്ചു. കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 നിർമ്മാണത്തിലെ അപാകതമൂലം ആർദ്രം പദ്ധതി കെട്ടിട നിർമ്മാണം അനിശ്ചിതത്വത്തിൽ

ആർദ്രം മിഷന്റെ ഭാഗമായി തീക്കോയി പ്രൈമറി ഹെൽത്ത് സെന്ററിനെ ഫാമിലി ഹെൽത്ത് സെന്ററായി അപ്ഗ്രേഡ് ചെയ്യുന്നതിനു വേണ്ടി കെട്ടിടനിർമ്മാണച്ചുമതല നാഷണൽ ഹെൽത്ത് മിഷൻ ഏറ്റെടുക്കുകയും നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫണ്ട് കൈമാറിയാൽ മതിയെന്നുമുള്ള വ്യവസ്ഥയിൽ ജില്ലാനിർമ്മിതി കേന്ദ്രത്തെ ഏല്പിക്കുകയും ചെയ്തു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി വിവിധ പ്രോജക്ടുകൾ പ്രകാരം 2662322/ തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, വർഷം | ചെലവ് തുക | ബിൽ നമ്പർ തീയതി | ഫണ്ടിനം |
|---|---|---|---|---|
| 1 | 122/21 2020 - 21 | 1341465 | 853698472/ 17.03.21 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 2 | 183/22, 2021-22 | 300000/ 308537 | 17/ 07.12.21 08/30.09.21 | ബ്ലോക്ക് വിഹിതം റോഡിതരം |
| 3 | 245/22, 2021-22 | 712320 | 34/ 18.03.22 | റോഡിതരം |
| | ആകെ | 2662322 | | |

ആശുപത്രി കെട്ടിടം കോൺക്രീറ്റിംഗ് നിർമ്മാണം നടന്നുകൊണ്ടിരിക്കേ ഇടിഞ്ഞുപോകുകയും പണി നിർത്തിവച്ചിരിക്കുകയുമാണ്. എൻ.എച്ച്.എം ന് തുക കൈമാറിയതല്ലാതെ പഞ്ചായത്ത് തലത്തിൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് പരിശോധനകൾ നടത്തുകയോ വിലയിരുത്തൽ നടത്തുന്നതിന് എൻജിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തുകയോ ചെയ്തിരുന്നില്ല. അപാകതകൾ നിർമ്മാണവേളയിൽത്തന്നെ നിർവ്വഹണ ഏജൻസിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു എങ്കിൽ ഇപ്രകാരം സംഭവിക്കുമായിരുന്നില്ല. 2662322/ രൂപ പഞ്ചായത്ത് വിഹിതം ഒടുക്കിയിട്ടും പഞ്ചായത്തിലെ ജനങ്ങൾക്ക് യാതൊരു പ്രയോജനവും നാളിതുവരെ ലഭിച്ചിട്ടില്ല.

ഒടുക്കിയ തുക നഷ്ടപ്പെടാതെ നിർവ്വഹണ ഏജൻസിയുടെ ചെലവിൽ ആശുപത്രി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ പഞ്ചായത്ത് ഭരണസമിതി തലത്തിൽ നടത്തേണ്ടതാണ്.

## 1-27 ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ്

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ട് (117/22 നമ്പർ) വികസനഫണ്ടിൽ നിന്നും 25000 രൂപ (ബിൽ നമ്പർ16/30.11.21) ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവർ ഭിന്നശേഷി വിഭാഗത്തിൽ നിന്നുള്ളവരാണ് എന്ന് കാണുന്നില്ല. മാത്രമല്ല മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത 9 പേർക്ക് കണ്ണട വാങ്ങിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം 22/2018/ തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 7-1 (2) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കുന്നതിന് സൗജന്യമായി നൽകാവുന്ന ഇനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കിയിട്ടുണ്ട്. ഖണ്ഡിക 7-1 (3) ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കൽ സംബന്ധിച്ച് വ്യക്തമാക്കുന്നു. പ്രോജക്ട് തയ്യാറാക്കുന്നതിന് മുൻപ് ഓരോ വ്യക്തിയേയും പരിശോധിച്ച് ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിക്കണം. ഇതിനായി ഉപകരണങ്ങളുടെ ആവശ്യകതാനിർണ്ണയ ക്യാമ്പ് നടത്താവുന്നതാണ്. ഇപ്രകാരമല്ല ക്യാമ്പ് സംഘടിപ്പിച്ചിട്ടുള്ളത്. ഭിന്നശേഷിക്കാർക്കുള്ള പ്രോജക്ടുകൾ ആ വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ മാത്രം ഉൾപ്പെടുത്തി നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-28 വാട്ടർ പ്യൂരിഫയർ വാങ്ങൽ പ്രോജക്ട് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തത്

ആയുർവേദ മെഡിക്കൽ ഓഫീസറുടെ ട്രഷറി ബിൽ ബുക്ക്, മെയിന്റനൻസ് ഫണ്ട് നോൺ റോഡ് വിഭാഗത്തിന്റെ ചെലവ് വിശദാംശങ്ങൾ എന്നിവ പരിശോധിച്ചതിൽ 2021-22 ൽ നടപ്പാക്കിയ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലേക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ എന്ന പ്രോജക്ടിനായി ബിൽ നമ്പർ 2/ 25.09.21 പ്രകാരം 35391/രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ 2021-22 വാർഷിക കണക്ക് പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺ റോഡ് വിഭാഗത്തിലെ ആകെ ചെലവ് 4465899 രൂപയാണ്. സുലേഖ ചെലവ് പത്രിക, ഗ്രാന്റ് പത്രിക എന്നിവ പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺ റോഡ് വിഭാഗത്തിലെ ആകെ ചെലവ് 4430508/ രൂപയാണ്. 35391/രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 21/23.1.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-29 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല.

2021-22 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണസാക്ഷ്യപത്രം/വിനിയോഗ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പ്രോജക്ടിന്റെ പേര് | ബിൽ/വൗച്ചർ നം / തീയതി | തുക |
|---|---|---|---|
| 1 | പ്രോ.നം 109/21-22 11,13 വാർഡുകളിൽ ഗതാഗത തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ബിൽ നം 18/21-22 28.10.21(50000)<br>11000/-(ധന.ക.ഗ്രാന്റ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല) | 61000/- |
| 2 | പ്രോ.നം187/21-22 വിവിധ വാർഡുകളിൽ കുഴൽ കിണർ | വൗച്ചർനം 22100735 08.02.22(ധന.ക.ഗ്രാന്റ് ) | 7,00,000/- |

| | | | |
|---|---|---|---|
| | നിർമ്മാണം | | |
| 3 | പ്രോ.നം 142/21-22 സ്ട്രീറ്റലൈറ്റ് മെയിന്റനൻസും അനുബന്ധ വാങ്ങലുകളും | 1,00,000/-വൗച്ചർനം 22100825,54,000/- വൗച്ചർനം 22100826 08.03.22(ധന.ക.ഗ്രാന്റ് ) | 1,54,000/- |
| 4 | പ്രോ.നം 208/21-22 വാർഡ് 10 വാഗമറ്റം കല്ലേക്കുളം റോഡിൽ ഗതാഗതതടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റൽ | കെ.എസ്.വൗച്ചർനം 22100864(ധന.ക.ഗ്രാന്റ് )17.03.22 | 1,10,613/- |
| 5 | പ്രോ.നം232/21-22 12ാം വാർഡിൽ കുഴൽകിണർ നിർമ്മാണം | വൗച്ചർനം 22100736 08.02.22(ധന.ക.ഗ്രാന്റ് ) | 83,000/- |
| 6 | എസ്സ്.എസ്സ് എ വിഹിതം അടയ്ക്കൽ പ്രോ.നം119/21-22 | 06/21-22 30.06.21 | 3,50,000/- |
| | ആകെ | | 14,58,613/- |

വിനിയോഗവിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.3/20.01.2023) മറുപടിയായി വിനിയോഗ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതാണെന്നറിയിച്ചു. വിനിയോഗവിവരത്തിന്റെ അഭാവത്തിൽ 1458613/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 ലൈഫ് ഭവനപദ്ധതി വിലയിരുത്തൽ

2021-22 വർഷം 35/22, 37/22, 31/22 പ്രോജക്ടുകൾ പ്രകാരമാണ് യഥാക്രമം ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലൈഫ് ഭവന പദ്ധതി നടപ്പാക്കിയത്. ജനറൽ വിഭാഗത്തിൽ 13, പട്ടികജാതി വിഭാഗത്തിൽ 2 എന്നിങ്ങനെ 15 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങലിന് ധനസഹായം നൽകി. ഭവനനിർമ്മാണ പൂർത്തീകരണം സംബന്ധിച്ച ഗുണഭോക്താക്കളുടെ വിശദാംശം താഴെ ചേർക്കുന്നു.

| വിഭാഗം | ഗുണഭോക്താക്കൾ | നിലവിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയവർ | ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|
| ജനറൽ | 16 | 7 | 9 |
| പട്ടികജാതി | 5 | 3 | 2 |
| പട്ടികവർഗ്ഗം | 5 | 4 | 1 |
| ആകെ | 26 | 14 | 12 |

ലൈഫ് മൂന്നാം ഘട്ടത്തിൽ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കളുടെ വിവരം ലൈഫ് രജിസ്റ്റർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ വാർഡ് | വിഭാഗം | സ്റ്റേജ് | 2021-22 വർഷം കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1. | റോസക്കുട്ടി പത്രോസ് കണ്ടത്തിൽ, | ജനറൽ | റൂഫ് | 3,50,000/- |

| | | | | |
|---|---|---|---|---|
| | വാർഡ്-8 | | | |
| 2. | മിനി ജേക്കബ് ആറ്റുചാലിൽ, വാർഡ്-7 | ജനറൽ | റൂഫ് | 3,00,000/- |
| 3. | ഷാജി റ്റി ആർ തകരപ്പറമ്പിൽ, വാർഡ്-6 | ജനറൽ | റൂഫ് | 3,00,000/- |
| 4. | അശ്വതി സിജുകുമരിയാരുപറമ്പിൽ, വാർഡ്-6 | ജനറൽ | ലിൻ്റൽ | 2,00,000/- |
| 5. | ഷാമില സനീർ വാലനാർകുഴിയിൽ, വാർഡ്-8 | ജനറൽ | റൂഫ് | 3,00,000/- |
| 6. | വിനോദ് പി ജി പാലയ്ക്കൽ, വാർഡ്-03 | ജനറൽ | ലിൻ്റൽ | 2,00,000/- |
| 7. | ചെല്ലമ്മ ബാലകൃഷ്ണൻ വാല്യപറമ്പിൽ, വാർഡ്-04 | ജനറൽ | ലിൻ്റൽ | 2,00,000/- |
| 8. | രേഷ്മ ജി മൈലംതറയിൽ, വാർഡ്-08 | എസ്സ് സ്സി | റൂഫ് | 3,00,000/- |
| 9. | രാജീവ് ജോസ് കറുകാചേരിൽ, വാർഡ്-03 | ജനറൽ | ലിൻ്റൽ | 2,00,000/- |
| 10 | രാധാ കൃഷ്ണൻകുട്ടി പാനയ്ക്കൽ, വാർഡ്-7 | ജനറൽ | ലിൻ്റൽ | 2,00,000/- |
| 11 | ബിനു മോൻ റ്റി.എസ് തോമരക്കാകുഴിയിൽ, വാർഡ്-4 | ജനറൽ | ലിൻ്റൽ | 2,00,000/- |
| 12 | സിനി ഇരവി വേള്ളിയക്കാട്ടു, വാർഡ്-4 | എസ്സ് .റ്റി | ബേസ്മെന്റ് | 2,10,000/- |

ലൈഫ് മിഷൻ എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും കൃത്യമായി മോണിട്ടറിംഗ് നടത്തേണ്ടതുമാണ്.

## 1-31 തൊഴിലുറപ്പ് പദ്ധതി- സാമ്പത്തിക ക്രമക്കേട്.

തീക്കോയി ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് ശ്രീമതി ലിഞ്ചു പി, പറയംചാലിൽ തീക്കോയി എന്ന വ്യക്തി, 2020-21, 2021-22 വർഷങ്ങളിൽ ഇഷ്യൂ ചെയ്യതും ക്യാൻസൽ ചെയ്യതുമായ മസ്റ്റർ റോളുകൾ ഉപയോഗിച്ച് കൃത്രിമമായി മസ്റ്റർ റോൾ റിപ്പോർട്ട്, വേജ് ലിസ്റ്റ്, ഫണ്ട് ട്രാൻസ്ഫർ ഓർഡർ എന്നിവ തയ്യാറാക്കി പണാപഹരണം നടത്തിയതായി കണ്ടെത്തിയിരുന്നു. തൊഴിൽ കാർഡ് നം. KL-10-001-006-006/5 ൽ ഉൾപ്പെട്ട പി.എം. പുരുഷോത്തമൻ, രാഗിണി പുരുഷോത്തമൻ, രഞ്ചു. പി എന്നിവരുടെ പേരിലും തൊഴിൽ കാർഡ് നം. KL-10-001-006-010/84 ൽ ഉൾപ്പെട്ട പി. ജി. സുകുമാരൻ, സരളദേവി സുകുമാരൻ, സാജൻ പി. എസ് എന്നിവരുടെ പേരിലും വിവിധ കയ്യാല നിർമ്മാണ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയാണ് കൃത്രിമമായി മസ്റ്റർ റോൾ റിപ്പോർട്ട്, വേജ് ലിസ്റ്റ്, ഫണ്ട് ട്രാൻസ്ഫർ ഓർഡർ എന്നിവ തയ്യാറാക്കി പണാപഹരണം നടത്തിയിട്ടുള്ളതായി പഞ്ചായത്ത് അധികാരികൾ കണ്ടെത്തിയിരുന്നത്. സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും ഡിജിറ്റൽ സിഗ്നേച്ചർ ദുരുപയോഗം ചെയ്ത് 142 മനുഷ്യദിനങ്ങളുടെ കൂലിയും ഷാർപ്പനിംഗ് ചാർജ്ജും ഉൾപ്പടെ 42032 രൂപയാണ് മേൽ വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകളിലൂടെ അപഹരിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയുടെ ചാർജ്ജ് ഓഫീസറായ വി.ഇ.ഒ യുടെയും തൊഴിലുറപ്പ് പദ്ധതി ഓവർസിയർ ശ്രീമതി സുറുമി പി.എച്ചിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ 24.1.2022 ലെ എ3-192/22 നമ്പർ ഉത്തരവ് പ്രകാരം

ശ്രീമതി ലിഞ്ചു പിയെ സേവനത്തിൽ നിന്നും മാറ്റി നിർത്തുകയും ഉത്തരവ് തീയതി മുതൽ 3 ദിവസത്തിനകം ടിയാളിൽ നിന്നും അപഹരിച്ച തുക തിരികെ ഈടാക്കുന്നതിനും ഉത്തരവായി. 25.1.2022 ലെ 121010101886 നമ്പർ രസീത് പ്രകാരം 42032 രൂപ ശ്രീമതി ലിഞ്ചു പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. നിയമാനുസൃത നടപടിക്രമങ്ങൾക്ക് ശേഷം പഞ്ചായത്ത് കമ്മറ്റിയുടെ 10.2.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 24.1.2022 പ്രാബല്യത്തിൽ ശ്രീമതി ലിഞ്ചുവിനെ ജോലിയിൽ നിന്നും പിരിച്ചുവിടുന്നതിന് തീരുമാനിച്ചു.

പഞ്ചായത്തിൽ ഒടുക്കിയ 42032 രൂപ കേന്ദ്രസർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും തുടർ നടപടികളുടെ വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 18/23.1.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 42032 രൂപ കേന്ദ്രസർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 174000 | സ്ഥിരം കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (പ്രൊജക്ട് നം.94/22) | 174000 | 0 |
| | 100000 | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ (പ്രൊജക്ട് നം. 48/22) | 100000 | 0 |
| | 300000 | ആർദ്രം-പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കി | 300000 | 0 |

| | | | | |
|---|---|---|---|---|
| | | ഉയർത്തൽ - തുക ഡെപ്പോസിറ് ചെയ്യൽ (പ്രൊജക്റ്റ് നം. 183/22) | | |
| | 280000 | ലൈഫ് മിഷൻ ഭവന നിർമ്മാണം -എസ് ടി (പ്രൊജക്റ്റ് നം. 31/22) | 280000 | 0 |
| | 437640 | ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ (പ്രൊജക്റ്റ് നം. 35/22) | 437640 | 0 |
| | 20000 | വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടലിന് ധനസഹായം (പ്രൊജക്റ്റ് നം. 61/22) | 20000 | 0 |
| | 100000 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന സ്കൂൾ കുട്ടികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത (പ്രൊജക്റ്റ് നം.45/22) | 100000 | 0 |
| | 52400 | 2020-21 ലെ ഭിന്ന ശേഷി സ്കോളർഷിപ്പ് പദ്ധതിയുടെ ബ്ലോക്ക് ഷെയർ കുടിശ്ശിക നൽകൽ (പ്രൊജക്റ്റ് നം.210/22) | 52400 | 0 |
| | 100000 | ക്ഷീര കർഷകർ അളക്കുന്ന പാലിന് സബ്സിഡി (പ്രൊജക്റ്റ് നം.85/22) | 100000 | 0 |
| ആകെ | 15,64,040 | | 15,64,040 | 0 |
| ജില്ലാ പഞ്ചായത്ത് | 210000 | ലൈഫ് മിഷൻ ഭവന നിർമ്മാണം -എസ് ടി (പ്രൊജക്റ്റ് നം 31/22) | 210000 | 0 |
| | 1610000 | ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ (പ്രൊജക്റ്റ് നം 35/22) | 1610000 | 0 |
| | 658111 | ലൈഫ് മിഷൻ ഭവന നിർമ്മാണം -എസ് സി (പ്രൊജക്റ്റ് നം 38/22) | 658111 | 0 |
| | 285800 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന സ്കൂൾ കുട്ടികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത (പ്രൊജക്റ്റ് നം.45/22) | 285800 | 0 |
| ആകെ | 27,63,911 | | 27,63,911 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | വിവിധ | 22100817/ | 400541 | 400541 | 0 |

| | | | | | |
|---|---|---|---|---|---|
| | വാർഡുകളിൽ സ്ലീറ്റ് ലൈൻ വലിക്കൽ (144/22) | 21.03.2022 | | | |
| | 11,13 വാർഡുകളിൽ ഗതാഗത തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (109/22) | ബിൽ നം.18/21-22 /28.10.2021 | 61000 | 0 | 61000 |
| | വാർഡ് 10ൽ വാഗമറ്റം-കല്ലേകുളം റോഡിൽ ഗതാഗത തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റൽ (208/22) | 22100864/ 317.03.2022 | 110613 | 0 | 110613 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം (പ്രൊജക്ട് നം.187/22) | 22100735/ 08.02.2022 | 700000 | 0 | 700000 |
| | വാർഡ് 12 ൽ കുഴൽ കിണർ നിർമ്മാണം (പ്രൊജക്ട് നം.232/22) | 22100736/ 08.02.2022 | 83000 | 0 | 83000 |
| നിർമ്മിതി കേന്ദ്രം | ആർദ്രം-പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തൽ (പ്രൊജക്ട് നം.183/22) | ബിൽ നം.17/07.12.2021, 08/30.09.2021 | 608537 | 0 | 608537 |

| | | | | | |
|---|---|---|---|---|---|
| | ആർദ്രം-പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തൽ (പ്രൊജക്റ്റ് നം.245/22) | ബിൽ നം.34/ 18.03.2022, | 712320 | 0 | 712320 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | 11240378 | 600000 | 1584000 | - | 10256378* |

*തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക - ലോൺ രജിസ്റ്റർ പ്രകാരം 1/- രൂപയുടെ കുറവുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-3 | 2000-01 | 4-31 | ഉപയോഗിക്കാത്ത മണ്ണിന് വില നൽകിയത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം-3 | വസ്തു നികുതി പരിഷ്കരണ | - |

| | | | | | |
|---|---|---|---|---|---|
| | | | | നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | |
| 2014-15 | 2-4 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | - |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല .

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 6,00,86,547 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,97,51,410 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1458613 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 4,11,000 | കെ. സാബുമോൻ, സെക്രട്ടറി, തീക്കോയി ഗ്രാമ പഞ്ചായത്ത് |
| | 10,47,613 | സുമാഭായി അമ്മ സെക്രട്ടറി, തീക്കോയി ഗ്രാമ പഞ്ചായത്ത് |
| | 1458613 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993- 94 | എൽ.എഫ്.കെ.പി2/ 985/96 /4.01.97/ 16.4.97 | -- |
| 1997-98 | കെ.എസ്.എ-കെ.ടി.എം.പി.14/ (അദാ.2018)218(1)/3.12.18 | 1 |
| 1998-99 | എൽ.എഫ്.കെ.പി7/965/02/20.11.04 /13.12.04 | -- |
| 1999-00 | എൽ.എഫ്.കെ.പി2/1253 /അദാ/14(2)/ 08.01.15 | 2 |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി.14/ (അദാ.2022)25(2)/2022/3.08.22 | 1 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.14/ (അദാ.2022)887(1)/2022/03.08.22 | 3 |
| 2007-08 | എൽ.എഫ്.കെ.പി3/232/10/11.06.13 | - - |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.14/ (അദാ.2022)887(2)/2022/03.08.22 | 2 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി.14/ (അദാ.2022)887(3)/2022/03.08.22 | 3 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി.14/ (അദാ.2022)887(4)/2022/03.08.22 | 2 |
| 2011-12,2012-13 | കെ.എസ്.എ-കെ.ടി.എം.പി.14/ (അദാ.2018)218(9)/ 03.02.18 | 3 |
| 2013-14,2014-15 | കെ.എസ്.എ-കെ.ടി.എം.പി.14/ (അദാ.2022)887(5)/2022/03.08.22 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.14/1798/ 18/05.12.18 | 4 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.14 /1456(2)/2022/3.1.23 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.14 /2022/ 2018/28.11.18/14.10.19 | 17 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.14/172/ 2021/28.01.21 | 12 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.14/951/ 2021/16.05.2022 | 7 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.14/952 / 2021/09.06.2022 | 14 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്